LIBRARY ARCHIVES Kerala Legislative Assembly

മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ

235 (2108) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങളെ സംബന്ധിച്ച് വിശദാംശം നൽകുമോ ;

(സി) പ്രസ്തുത രജിസ്റ്ററിലെ വിവരങ്ങൾ യഥാസമയം അപ്ഡേറ്റ് ചെയ്യാറുണ്ടോ ; അതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് കാറ്റഗറിയിലെ ഉദ്യോഗസ്ഥനെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിലാളികളുടെ മേൽവിലാസവും അവരുടെ സംസ്ഥാനം, ഫോൺ നമ്പർ, ഐഡന്റിഫിക്കേഷൻ മാർക്ക്, ബ്ലഡ് ഗ്രൂപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഫോട്ടോഗ്രാഫ് എന്നിവ ശേഖരിച്ച് രജിസ്റ്ററിൽ സൂക്ഷിക്കുന്നു.

(സി) ഉണ്ട്. പോലീസ് സ്റ്റേഷനിലെ സബ്-ഇൻസ്പെക്ടർമാരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

അനധികൃതമായി പണമിടപാട് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി

236 (2109) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി പണമിടപാട് നടത്തുന്ന എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങളിൽ പോലീസ് റെയ്ഡു നടത്തിയിട്ടുണ്ട് ; എത്രപേരെ അറസ്റ്റു ചെയ്തു ; എത്ര രൂപ പിടിച്ചെടുത്തു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര കേസ്സുകൾ കോടതിയിലെത്തി ; എത്ര കേസ്സുകളിന്മേൽ വിചാരണ ആരംഭിച്ചു ;

(ഡി) പ്രസ്തുത കേസ്സുകളിൽ ജാമ്യം ലഭിക്കാതെ നിലവിൽ എത്ര പേർ ജയിലിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെത്തുടർന്ന് എത്ര പേർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(എഫ്) രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട എത്രപേർ ഇത്തരം കേസ്സുകളിൽ പ്രതിയായിട്ടുണ്ട് ; അവർ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയും അവരുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ ;

(ജി) പോലീസുകാർ ഉൾപ്പെടെയുള്ള എത്ര സർക്കാർ ജീവനക്കാർ ഇത്തരം കേസ്സുകളിൽ ഇതിനകം പ്രതി ചേർക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അനധികൃതമായി പണമിടപാട് നടത്തുന്ന 162 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. 233 സ്ഥാപനങ്ങളിൽ പോലീസ് റെയ്ഡ് നടത്തിയിട്ടുണ്ട്. 150 പേരെ അറസ്റ്റ് ചെയ്തു. 25,37,987 രൂപ പിടിച്ചെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(സി) 159 കേസ്സുകൾ രജിസ്റ്റർ ചെയ്തു ; 59 കേസ്സുകൾ കോടതിയിൽ സമർപ്പിച്ചു ; 18 കേസുകളിന്മേൽ വിചാരണ ആരംഭിച്ചു ;

(ഡി) പ്രസ്തുത കേസ്സുകളിൽ ജാമ്യം ലഭിക്കാതെ ജയിലുകളിൽ ആരും തന്നെയില്ല.

(ഇ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെത്തുടർന്ന് 17 പേർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു.*

(എഫ്) രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആരുംതന്നെ ഇത്തരം കേസ്സുകളിൽ പ്രതിയായിട്ടില്ല.

(ജി) ഒരു പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെടെ 4 സർക്കാർ ജീവനക്കാർ ഇത്തരം കേസ്സുകളിൽ ഇതിനോടകം പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്.

ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനങ്ങൾ

237 (2110) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾക്ക് വിധേയരായവർ എത്ര; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; ഇതുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെട്ടു ; വിശദാംശം വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly